കുടിവെള്ള ക്ഷാമം

36 (186) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(സി) സംസ്ഥാനത്തിലെ ചില ഭാഗങ്ങളിൽ ഭൂജലവിതാനം കുറയുന്നതായി കാണുന്നുണ്ട്. ഭൂഗർഭജലസ്രോതസുകളുടെ ലഭ്യതയെപ്പറ്റിയുള്ള ശാസ്ത്രീയമായ പഠനം നടത്തുന്നതിനും, ഭൂഗർഭജലലഭ്യത കണക്കാക്കുന്നതിനുമായി കേന്ദ്ര ഗവൺമെന്റ് ഇടയ്ക്കിടെ ഉന്നതാധികാരസാങ്കേതിക കമ്മിറ്റികൾ വിവിധ സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകൾക്കുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. ഭൂജല സംപോഷണത്തിന്റെ ഭാഗമായി സബ്സർഫസ് ഡൈക്കുകളും മറ്റും നിർമ്മിച്ച് ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപകൽപന ചെയ്തിട്ടുണ്ട്. കൂടാതെ റിസോർസസ് ഓഫ് വാട്ടർ മാനേജ്മെന്റിനായി സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ സഹായത്തിനായി 9 പദ്ധതികൾ നൽകിയിട്ടുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണം

37 (187) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ളം സംഭരിക്കുന്നതിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ആന്ധ്രപ്രദേശിൽ ഈ പദ്ധതി നടപ്പിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly